POLICE SUBORDINATES DISMISSED AND SUSPENDED BY THE PRESENT COMMISSIONER—LIST OF

148. മിസ്റ്റർ കെ. എസ്സ്. പണിക്കർ : താഴെ പറയുന്ന ചോദ്യങ്ങൾക്കു ഗവണ്മെൻറ് ഒയവായി മറുപടി പറയാമോ.—

റാവു ബഹദൂർ എം. നാരായണമേനോൻ അവർകൾ പോലീസ് കമ്മീഷണരായി വന്നതിനുശേഷം അദ്ദേഹത്തിൻെറ കീഴ്ജീവനക്കാരിൽ കാല നിർണ്ണയത്തിനുമുൻപ് സസ്പെണ്ട് ചെയ്തവരുടേയും, കാലനിർണ്ണയം ചെയ്യാതെ സസ്പെണ്ട് ചെയ്തവരുടേയും ഡിസ്മിസ് ചെയ്തിട്ടുള്ളവരുടേയും ജാതി തിരിച്ച് ഓരോരുത്തരുടേയും പേരും ആകെയുള്ള സർവ്വീസ് ഇവകളും വിശദമായി കാണിക്കുന്ന ഓരോ പട്ടിക ഓരോ കൌൺസിലുടേയും മേശപ്പുറത്തു വെക്കാമോ?

റാവുബഹദൂർ എം. നാരായണമേനോൻ : കാലനിർണ്ണയം ചെയ്യാതെ ആരേയും സസ്പെണ്ട് ചെയ്തിട്ടില്ല. ബാക്കിയുള്ളവരുടെ പട്ടിക കൌൺസിൽ മേശപ്പുറത്തു വെച്ചിട്ടുണ്ട്.

POLICE ADMINISTRATION—IMPROVEMENTS INTRODUCED BY THE PRESENT COMMISSIONER

149. മിസ്റ്റർ കെ. എസ്സ്. പണിക്കർ : താഴെ പറയുന്ന ചോദ്യങ്ങൾക്കു് ഗവണ്മെണ്ടു് സഭയും മറുപടി പറയുമോ.—

(എ) റാവു ബഹദൂർ എം. നാരായണമേനോൻ അവർകൾ കൊച്ചി പോലീസ് കമ്മീഷണരായി നിയമിതനായതിനു ശേഷം ഡിപ്പാർട്ടുമെണ്ടു് ഭരണത്തിൽ ഉണ്ടാക്കിട്ടുള്ള പരിഷ്കാരങ്ങൾ എന്തെല്ലാം;

(ബി) ഇൻസ്പെക്ടർമാർ, ഹെഡ്കോൺസ്റ്റബിൾമാർ, കോൺസ്റ്റബിൾമാർ ഈ ഓരോ വകുപ്പിനേയും ജോലികളെ സംബന്ധിച്ചു ഉണ്ടാകിയ പരിഷ്കാരങ്ങൾ എന്തെല്ലാം;

(സി) ഇവരുടെ ശമ്പളത്തിൽ വല്ല പരിഷ്കാരവും വരുത്തിട്ടുണ്ടോ;

(ഡി) ക ക ര, ക കക ഈ കൊല്ലങ്ങളിൽ ഇൻസ്പെക്ടർമാരിൽനിന്നും, ഹെഡ്കോൺസ്റ്റബിൾമാരിൽനിന്നും, കോൺസ്റ്റബിൾമാരിൽനിന്നും എത്രപേരെ വീതം ഡിസ്മിസ്സ്, സസ്പെണ്ട്, കാലനിർണ്ണയം ചെയ്യാത്ത സസ്പെണ്ട് എന്നീ ശിക്ഷകൾ കൊടുത്തിട്ടുണ്ടു്;

(ഇ) അവരിൽ ക ഠ-ൽ അധികം കാലം സർവ്വീസുള്ളവർ എത്ര; ക ഠ-ൽ അധികം കാലം സർവ്വീസുള്ളവർ എത്ര;

(എഫ്) ശിക്ഷിക്കപ്പെട്ടവരിൽ ആരുടെയെങ്കിലും ശിക്ഷകഴിയുന്നതിനുമുമ്പു് വീണ്ടും ഉദ്യോഗത്തിൽ പ്രവേശിപ്പിച്ചുവോ; ഉണ്ടെങ്കിൽ ആരെ; പ്രത്യേകകാരണമെന്തു്;

(ജി) കാലനിർണ്ണയം ചെയ്യാതെ സസ്പെണ്ട് ചെയ്യുവരിൽ ഏറ്റവും അധികംകാലം സസ്പെണ്ടിൽ നിറുത്തിട്ടുള്ളതു ആരെയാണു്?

LIBRARY ARCHIVES Kerala Legislative Assembly